# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 09.09.2025**

### പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് തുടരുന്നു. മത്സര രംഗത്ത് രണ്ട് സ്ഥാനാർത്ഥികൾ.

2. പഞ്ചാബിലെയും ഹിമാചൽ പ്രദേശിലെയും പ്രളയബാധിത പ്രദേശങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സന്ദർശിക്കും.

3. ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര വൈകിട്ട് തിരുവനന്തപുരം വെള്ളയമ്പലത്തു നിന്ന് ആരംഭിക്കും. ആറന്മുള ഉതൃട്ടാതി ജലമേള ഇന്ന് ഉച്ചയ്ക്കുശേഷം.

4. കോഴിക്കോട് മെഡിക്കൽ കോളേജിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിലായിരുന്ന കുട്ടി രോഗമുക്തി നേടി. ജില്ലയിൽ അതീവ ജാഗ്രത.

5. സ്വർണ വിലയിൽ റെക്കോർഡ് വർദ്ധന. ഗ്രാമിന് പതിനായിരം രൂപ കടന്നു.

&&&&&&&&&&&&&&&&&&

**<u>ഉപരാഷ്ട്രപതി - വോട്ടെടുപ്പ്</u>**

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ആരംഭിച്ചു. പാർലമെന്റ് മന്ദിരത്തിൽ രാവിലെ 10 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് അഞ്ച് മണിക്ക്

BIJU TVPM

അവസാനിക്കും. വോട്ടെണ്ണൽ വൈകുന്നേരം ആറ് മണിക്ക് ആരംഭിക്കും. എൻഡിഎ സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ സി.പി രാധാകൃഷ്ണനും, I N D I A സ്ഥാനാർത്ഥിയായി സുപ്രീംകോടതി മുൻ ജഡ്ജി ബി. സുദർശൻ റെഡ്ഡിയുമാണ് മത്സരരംഗത്ത്. ഇരു സഭകളിലും നിന്നുള്ള 781 അംഗങ്ങളുടെ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തീരുമാനിക്കുക. പ്രധാനമന്ത്രി നരേന്ദ്ര മോദി വോട്ട് രേഖപ്പെടുത്തി. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അശ്വിനി വൈഷ്ണവ്, രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ്, രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവരും വോട്ട് രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## പി.എം - പഞ്ചാബ്, ഹിമാചൽ പ്രദേശ്

പ്രളയം നാശം വിതച്ച പഞ്ചാബ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സന്ദർശിക്കും. ഇരു സംസ്ഥാനങ്ങളിലെയും ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന അദ്ദേഹം വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണവും നടത്തും. ഇന്ന് ഉച്ചകഴിഞ്ഞ് ഹിമാചൽ പ്രദേശിലെ ധർമ്മശാലയിൽ എത്തുന്ന പ്രധാനമന്ത്രി ദുരന്തബാധിതരുമായും എൻഡിആർഎഫ്, എസ്ഡിആർഎഫ്, ആപ്ദ മിത്ര ഉദ്യോഗസ്ഥരുമായും സംവദിക്കും. തുടർന്ന് വൈകിട്ടോടെ പഞ്ചാബിലെ ഗുരുദാസ്പൂരിൽ എത്തുന്ന ശ്രീ. മോദി മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തും. അതിരൂക്ഷമായ പ്രളയക്കെടുതികളിൽ പഞ്ചാബിൽ 48 പേർക്കാണ് ജീവൻ നഷ്ടമായത്. രണ്ടായിരത്തിലേറെ ഗ്രാമങ്ങളിൽ നിന്നായി 4 ലക്ഷത്തോളം പേരെ മാറ്റിപ്പാർപ്പിച്ചു.

&&&&&&&&&&&&&&&&&&

PNU TVPM

## ഓണം ഘോഷയാത്ര (ഇൻട്രോ)

സംസ്ഥാന സർക്കാറിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര ഇന്ന് വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം വെള്ളയമ്പലത്തു നിന്ന് ആരംഭിച്ച് കിഴക്കേകോട്ടയിൽ അവസാനിക്കും. മാനവീയം വീഥിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. വാദ്യോപകരണമായ കൊമ്പ്, മന്ത്രി പി.എ. മുഹമ്മദ് റിയാസ് മുഖ്യ കലാകാരന് കൈമാറിക്കൊണ്ട് സാംസ്കാരിക ഘോഷയാത്രയുടെ താളമേളങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്.....**
**(വോയ്സ്)**

&&&&&&&&&&&&&&&&&&

## ആറന്മുള ഉതൃട്ടാതി ജലമേള (ഇൻട്രോ)

ആറന്മുള ഉതൃട്ടാതി ജലമേളയുടെ ചടങ്ങുകൾക്ക് തുടക്കമായി ഇന്നു ഉച്ചക്ക് 1.30 ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. എ,ബി ബാച്ചുകളിലായി 51 പള്ളിയോടങ്ങൾ ജലമേളയിൽ പങ്കെടുക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.... (വോയ്സ്)**

&&&&&&&&&&&&&&&&&&

## ദേശീയപാത - കോഴിക്കോട്

ദേശീയപാതയുടെ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് സന്ദർശനം ആരംഭിച്ചു. വെങ്ങളത്ത് ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി സംസാരിച്ചു. അഴിയൂർ വരെയാണ് സന്ദർശനം നടക്കുക. കൊയിലാണ്ടി ബൈപ്പാസിലെ കുന്ന്യോ റമല പുത്തലത്ത്ക്കുന്ന് ഭാഗത്ത് ജില്ല കളക്ടർ സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## മഴ

സംസ്ഥാനത്ത് ഇന്ന് ആറു ജില്ലകളിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പുറപ്പെടുവിപ്പിച്ചിട്ടുളത്. അതേ സമയം വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ബീഹാർ, ഝാർഖണ്ഡ്, തമിഴ്നാട്, പുതുച്ചേരി, മദ്ധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഉത്തരാഖണ്ഡ് തുടങ്ങിയ സ്ഥലങ്ങളിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് മെഡിക്കൽ കോളേജിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിലായിരുന്ന കുട്ടി രോഗമുക്തി നേടി. താമരശ്ശേരി സ്വദേശിയായ ഏഴ് വയസുകാരനാണ് രോഗം ഭേദമായി ആശുപത്രി വിട്ടത്. നിരീക്ഷണത്തിലായിരുന്ന മറ്റൊരു കുട്ടിയേയും ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. നിലവിൽ രണ്ട് മലപ്പുറം സ്വദേശികളായ കുട്ടികളാണ് ചികിൽസയിലുള്ളത് ഇവരുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. കിണർവെള്ളത്തിൽനിന്നുപോലും രോഗം പകരാൻ സാധ്യതയുള്ളതിനാൽ എല്ലാ സ്വകാര്യ പൊതു കിണറുകളും ക്ലോറിനേറ്റ് ചെയ്തും വാട്ടർ ടാങ്കുകൾ കഴുകിയും ശുദ്ധീകരിക്കണമെന്നും ആരോഗ്യ വകുപ്പ് അധികൃതർ മുന്നറിയിപ്പ് നൽകി.

RNUTVPM

&&&&&&&&&&&&&&&&&&

## ആദായ നികുതി റിട്ടേണുകൾ

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം

15 വരെ. 7.28 കോടി ഐ.ടി റിട്ടേണുകളാണ് ഇതിനകം ഫയൽ ചെയ്തിരിക്കുന്നത്. വൈകിയുള്ള റിട്ടേൺ സമർപ്പണത്തിന് പിഴ ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**വോട്ടർപട്ടിക**

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഒക്ടോബർ വരെ അവസരമുണ്ടെന്ന സമൂഹ മാധ്യമങ്ങളിലെ പ്രചാരണം വ്യാജമാണെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമീഷൻ അറിയിച്ചു. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ രണ്ടിന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വോട്ടർപട്ടിക വീണ്ടും പുതുക്കുന്നതിനുള്ള തീരുമാനം കമീഷൻ ഇതുവരെ എടുത്തിട്ടില്ല. വോട്ടർപട്ടിക പുതുക്കാൻ തീരുമാനിക്കുകയാണെങ്കിൽ അക്കാര്യം ഔദ്യോഗികമായി അറിയിക്കുമെന്നും കമ്മീഷൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

**സ്വർണ്ണവില (ഇൻട്രോ)**

സ്വർണ വില ഗ്രാമിന് പതിനായിരം രൂപ കടന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ ശ്രീ സ്മിതി എം പള്ളുരുത്തി....**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

**സിപിഐ**

വയലാർ രക്തസാക്ഷി മണ്ഡപത്തിൽ നിന്നുള്ള ദീപശിഖ പ്രയാണത്തോടെ സിപിഐ സംസ്ഥാന സമ്മേളനത്തിന് ഇന്ന് ആലപ്പുഴയിൽ തുടക്കമാകും. സിപിഐയുടെ ഇരുപത്തിയഞ്ചാം പാർട്ടി കോൺഗ്രസിന് മുന്നോടിയായുള്ള പ്രതിനിധി സമ്മേളനം നാളെ മുതൽ കളർകോട് നടക്കും. നാളെ രാവിലെ സിപിഐ ജനറൽ സെക്രട്ടറി ഡി രാജ സമ്മേളനം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## ജിഎസ്ടി - സ്പോർട്സ്

ജിഎസ്ടി നിരക്കിൽ വരുത്തുന്ന മാറ്റം രാജ്യത്തെ കായിക മേഖലക്ക് പ്രോത്സാഹനം നൽകും. പുതിയ നിരക്കിൽ, കയ്യുറകൾ, സ്പോർട്സ് കിറ്റുകൾ തുടങ്ങിയ സ്പോർട്സ് ഉൽപ്പന്നങ്ങളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ട്രൈസൈക്കിളുകൾ, സ്കൂട്ടറുകൾ, പെഡൽ കാറുകൾ ഉൾപ്പെടെയുള്ള കളിപ്പാട്ടങ്ങൾ, ചെസ്സ്, കാരംസ്, ലുഡോ തുടങ്ങിയ ബോർഡ് ഗെയിമുകൾ എന്നിവയുടെ നികുതിയിലും ഇളവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും കായിക ഉപകാരണങ്ങൾ താങ്ങാനാവുന്ന വിലയിൽ ലഭ്യമാകും. കായിക മേഖലയിൽ കൂടുതൽ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ തീരുമാനം സഹായകമാകുമെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

## പാലക്കാട് നെല്ല് സംഭരണം (ഇൻട്രോ)

പാലക്കാട് ജില്ലയിൽ ഒന്നാം വിള നെല്ല് സംഭരണ രജിസ്ട്രേഷന് തുടക്കമായി. ഈ മാസം അവസാനത്തോടെ ജില്ലയിൽ ഒന്നാം വിള കൊയ്ത്തും സജീവമാകും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## നിര്യാതനായി

ഇളമണ്ണൂർ വാതല്ലൂർ വി ചാക്കോ നിര്യാതനായി. ആകാശവാണി ബെംഗലൂരു ഡെപ്യൂട്ടി ഡയറക്ടർ റോയ് ചാക്കോ മകനാണ്. സംസ്ക്കാരം വെള്ളിയാഴ്ച ഇളമണ്ണൂരിൽ.

&&&&&&&&&&&&&&&&&&

## സെൻസെക്സ്

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 151 പോയിൻറ് നേട്ടത്തിൽ 80,939 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റ് 46 പോയിൻറ് നേട്ടത്തിൽ 24,819ലും വ്യാപാരം പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM